പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

18/02/2016-ലെ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2512

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളൽ**

| **ചോദ്യം**<br>**ശ്രീ. എ.കെ. ബാലൻ** | | **ഉത്തരം**<br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങളാണ് എഴുതി തള്ളാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) | എത്ര രൂപ വരെയുള്ള കടങ്ങളാണ് എഴുതി തള്ളുന്നത്; ഏത് തീയതി വരെ കുടിശ്ശികയായ വായ്പയാണ് എഴുതി തള്ളുന്നതെന്ന് അറിയിക്കുമോ; | (ബി) | മിഷൻ 676 ന്റെ ഭാഗമായി സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളുടെ 1,00,000/- രൂപ വരെയുള്ള ബാധ്യത എഴുതി തള്ളുന്നതിന് 30/03/2015 ലെ സ.ഉ (അച്ചടി) 24/2015/പജപവിവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ഇതിനായി ഈ സർക്കാർ വന്നതിനുശേഷം ഓരോ ബജറ്റിലും നീക്കി വച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (സി) | കടം എഴുതിതള്ളൽപദ്ധതിയായി 2011-12 വർഷം 100 ലക്ഷം രൂപ വകയിരുത്തുന്നതിൽ വനിതാ വികസന കോർപ്പറേഷന്റെ കടം എഴുതി തള്ളുന്നതിനായി 9,651/- രൂപ ചെലവഴിച്ചു. 2013-14, 2014-15 വർഷങ്ങളിൽ ടി പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് തുക കണ്ടെത്തിയതെന്ന വിവരം അറിയുന്നു. ഈ വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.<br>സ.ഉ.(അച്ചടി) 24/2015/പജപ:വിവ തീയിതി 30/03/2015 പ്രകാരം ഉത്തരവായ കടം എഴുതി തള്ളൽ പദ്ധതിക്കായി നോഡൽ ഏജൻസിയായ പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷന്റെ അക്കൗണ്ടിൽ 2014-15 സാമ്പത്തിക വർഷം 10 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിക്കായി ഉപധനാഭ്യർത്ഥന പ്രകാരം 2015-16 സാമ്പത്തിക വർഷം 40 കോടി രൂപ ലഭ്യമായിട്ടുണ്ട്. മേൽ തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | വിവധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്നതിനായി എത്ര അപേക്ഷകളാണ് നിലവിൽ വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കടം എഴുതി തള്ളലിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സമാഹരിച്ച് ലഭ്യമാക്കുന്ന തുക സംബന്ധിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുടർ നടപടികൾ സ്വീകരിച്ച് വരുന്നത്. |

Sali K.T

സെക്ഷൻ ഓഫീസർ